Page 1 of 1

കോർപ്പറേഷന് 1.25 കോടി രൂപ ഓഹരി മൂലധനമായി ലഭിച്ചിട്ടുണ്ട്. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) എത്ര തസ്തികകളാണ് പ്രസ്തുത കോർപ്പറേഷനിൽ നാളിതുവരെയായി സൃഷ്ടിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോർപ്പറേഷനിൽ സ്ഥിരം തസ്തികകളൊന്നും ഇതുവരെ സൃഷ്ടിച്ചിട്ടില്ല.

(ഡി) ഇതുവരെ സേവനമനുഷ്ഠിച്ച ചെയർമാൻമാരുടെയും മാനേജിംഗ് ഡയറക്ടർമാരുടെയും പേര് വിവരങ്ങൾ ലഭ്യമാക്കാമോ?

അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. *

(ഇ) പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർ ശമ്പളം, ടി.എ., അലവൻസുകൾ എന്നീ ഇനങ്ങളിൽ എത്ര രൂപ വീതം കൈപ്പറ്റിയിട്ടുണ്ടെന്നറിയിക്കുമോ?

അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. *

പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം

100(5259) ശ്രീ. സി. ആർ. മഹേഷ് : താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാറമടകളും ജനവാസ കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം ഇരുന്നൂറ് മീറ്ററായി കൂട്ടണമെന്ന നിയമസഭാ പരിസ്ഥിതി സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നറിയിക്കുമോ; ശിപാർശ നടപ്പാക്കുന്നതിൽ എന്തെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിയമസഭാ പരിസ്ഥിതി സമിതിയുടെ ശിപാർശയിന്മേൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള വിഷയം പരിശോധിച്ചുവരികയാണ്. ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 21-7-2020-ലെ OA No.304/2019-ന്മേലുള്ള ഉത്തരവു പ്രകാരം ജനവാസകേന്ദ്രങ്ങളിൽനിന്നും സ്ഫോടകവസ്തുക്കളുപയോഗിച്ച് ഖനനം നടത്തുന്ന സ്റ്റോൺ ക്വാറികളിലേയ്ക്കുള്ള ദൂരപരിധി 200 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ളതാണ്. ട്രിബ്യൂണലിന്റെ മേൽ ഉത്തരവിനെതിരെ കേരളത്തിലെ ക്വാറിയുടമകൾ ഫയൽ ചെയ്തിട്ടുള്ള ഒരു കൂട്ടം SLP കേസുകൾ ബഹു. സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly